ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം തുടങ്ങാൻ നടപടി

147 [1086] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരവൂരിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ഇതുവരെ തുടങ്ങാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പരവൂരിൽ ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതു സംബന്ധിച്ച സാദ്ധ്യതാപഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) സാദ്ധ്യതാപഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം

148 [1087] *ശ്രീ. ടി. വി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന് ബഡ്ജറ്റിൽ എത്ര തുക നീക്കി വെച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഹാർബറിന്റെ പണി എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ;

(ഡി) ഇത് എത്ര കോടി രൂപയുടെ പദ്ധതിയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ഇനിയും ലഭ്യമായിട്ടില്ലാത്തതിനാൽ ബഡ്ജറ്റിൽ ടോക്കൺ പ്രോവിഷൻ ആയി ഒരു ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ.

(സി) കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഹാർബറിന്റെ പണി ആരംഭിക്കുന്നതാണ്.

(ഡി) 36 കോടി രൂപയുടെ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly